ഡൽഹിയിലെ കേരള ഇൻഫർമേഷൻ സെൻറർ

20 [1117] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരള ഇൻഫർമേഷൻ സെൻറർ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാരിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ സെൻറിനോട് ചേർന്ന് മലയാള പ്രസിദ്ധീകരണങ്ങൾക്കായി ഒരു ലൈബ്രറി തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി

21 [1118] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സൗരോർജ്ജ വിളക്കുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് സൗരോർജ്ജ വിളക്കുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വൈദ്യുതി ലഭ്യമല്ലാത്തതും സമീപ ഭാവിയിൽ ലഭ്യമാക്കാൻ സാദ്ധ്യതയില്ലാത്തതുമായ സ്ഥലങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലുമാണ് ഇപ്പോൾ ഇവ സ്ഥാപിച്ചുവരുന്നത്. സൗരോർജ്ജ തെരുവു വിളക്കുകളും സൗരോർജ്ജ ഗാർഹിക വിളക്കുകളും ഇതിൽപ്പെടുന്നു. ഇവ സൗജന്യ നിരക്കിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉദ്ദേശം 13,400 സൂര്യ റാന്തലുകൾ കേരളത്തിൽ മുഴുവൻ വിതരണം ചെയ്യുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്.

തിരമാലയിൽനിന്നും വൈദ്യുതി

22 [1119] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് ഒരു പരീക്ഷണ പദ്ധതി നടത്തിവരുന്നു. പല നിരീക്ഷണങ്ങൾക്കും, പരീക്ഷണങ്ങൾക്കും ശേഷം രൂപകല്പന ചെയ്ത പുതിയ യന്ത്രങ്ങളുടെ പ്രവർത്തന പരീക്ഷണം അടുത്തുതന്നെ ആരംഭിക്കും. തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദനം വാണിജ്യാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന്റെ മുന്നോടി ആയി കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ ചെലവ് കേന്ദ്ര സമുദ്രവികസന വകുപ്പാണ് വഹിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 213.50 ലക്ഷം രൂപ തുറമുഖ എൻജിനീയറിംഗ് വകുപ്പ് മുഖേന ചെലവാക്കിയിട്ടുണ്ട്. യന്ത്രസാമഗ്രികൾക്കും മറ്റുമുള്ള ചെലവുകൾ മദ്രാസിലെ ഐ.ഐ.ടി. വഴിയാണ് നടത്തിയിട്ടുള്ളത്.

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ
പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

23 [1122] ശ്രീ. തമ്പാനൂർ രവി:
,, നാലകത്തു സൂപ്പി:
,, കെ. എം. സൂപ്പി:
,, കല്ലടി മുഹമ്മദ്:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തൊക്കെയാണ്;

(സി) അപേക്ഷകൾ ക്ഷണിക്കുന്നതിനും പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമിടയ്ക്കുള്ള കാലദൈർഘ്യം കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറക്കിയ തീയതി മുതൽ നിയമനം നടത്തിയ തീയതി വരെയുള്ള കാലയളവുകളിൽ ഏറ്റവും കുറഞ്ഞ കാലദൈർഘ്യംകൊണ്ട് നടപടി പൂർത്തിയാക്കിയത് ഏത് തസ്തികകളിലേക്കുള്ള നിയമനത്തിലായിരുന്നു;

(ഇ) അതിന്റെ കാലയളവ് എത്ര;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.എസ്.സി. നടത്തിയ നിയമനങ്ങളിൽ ഏറ്റവും കുറഞ്ഞ കാലദൈർഘ്യം എടുത്തത് ഏത് തസ്തികയിലേക്കുള്ള നിയമനത്തിലേക്കായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly